പുറത്തെഴുത്ത് ഉത്തരവ്:
ഡി ജി ഇ/15133/2023-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 30-05-2024

06/05/2024 ലെ ജെ ആർ 1/58/2024/പൊ.വി.വ, ജെ ആർ 1/502/2023/പൊ.വി.വ എന്നീ നമ്പർ സർക്കാർ കത്തുകളുടെ പകർപ്പുകൾ അറിവിലേക്കും അടിയന്തര ആജ്ഞാപാലനത്തിനുമായി ഇതോടൊപ്പം നൽകുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എല്ലാ വിഷയങ്ങളും പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും നാളിതു വരെ പുറപ്പെടുവിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ എല്ലാ നിയമന ഫയലുകളിലും തീരുമാനമെടുക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്ക് നിർദേശം നൽകുന്നു. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുമ്പോൾ തസ്തികയിൽ തുടർന്നു വന്നിരുന്ന അധ്യാപക/അനധ്യാപകർ പുറത്തു പോവുകയാണെങ്കിൽ, അവരെ അതെ മാനേജ്മെന്റിന് കീഴിലുള്ള മറ്റു സ്കൂളുകളിലെ ഒഴിവുകളിലേക്ക് സീനിയോറിറ്റി ക്രമത്തിൽ മാറ്റി നിയമിച്ചുകൊണ്ട് ആവശ്യമായ ക്രമീകരണം നടത്തുവാൻ ബന്ധപ്പെട്ട മാനേജർമാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇപ്രകാരം ക്രമീകരണം നടത്തിയിട്ടുള്ള കേസുകൾ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ അംഗീകാരത്തിനു പരിഗണിക്കുവാൻ അതതു വിദ്യാഭ്യാസ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

Signed by
Shanavas S
Date: 30-05-2024 16:55:34
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

(1) എല്ലാ ഹയർ സെക്കണ്ടറി വിഭാഗം ആർ ഡി ഡി മാരും
(2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം എഡി മാരും
(3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ്:

(1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
{താങ്കളുടെ അധികാര പരിധിയിൽ വരുന്ന ആർ ഡി ഡി /എ.ഡി മാരും തങ്ങളുടെ പക്കലുള്ള എല്ലാ നിയമന ഫയലുകളും , ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും നാളിതു വരെ പുറപ്പെടുവിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ അന്തിമ തീരുമാനം എടുത്തു തീർപ്പാക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തേണ്ടതും ആവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.}

(2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
{താങ്കളുടെ അധികാര പരിധിയിൽ വരുന്ന ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ പക്കലുള്ള എല്ലാ നിയമന ഫയലുകളും , ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി സർക്കാരും

പൊതു വിദ്യാഭ്യാസ ഡയറക്ടറും നാളിതു വരെ പുറപ്പെടുവിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ അന്തിമ തീരുമാനം എടുത്തു തീർപ്പാക്കിയിട്ടുണ്ട് എന്നുറപ്പു വരുത്തേണ്ടതും ആവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.}

(3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,

കൈറ്റ്,പൂജപ്പുര

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നല്കുന്നു)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ(ജെ.ആർ)വകുപ്പ്

നമ്പർ.ജെആർ1/502/2023/പൊ.വി.വ 06-05-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ തുടർ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെടുവിച്ച വിധിന്യായം.
2. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ. വി.വ നമ്പർ ഉത്തരവ്.
3. 24-03-2023 ലെ സ.ഉ.(കൈ) നമ്പർ 29/2023/ പൊ. വി.വ നമ്പർ ഉത്തരവ്.
4. 01.11.2023, 24.01.2024 തീയതികളിലെ ജെ.ആർ1/502/2023/ പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.
5. 03.04.2024 തീയതിയിലെ ജെ.ആർ1/562/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
6. 11.04.2024 തീയതിയിലെ ജെ.ആർ1/17/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
7. 29.04.2024 തീയതിയിലെ ജെ.ആർ1/129/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
8. 03.05.2024 തീയതിയിലെ ജെ.ആർ1/147/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ സൂചന 2 , 3 സർക്കാർ ഉത്തരവുകളും സൂചന 4 മുതൽ 8 വരെയുള്ള സർക്കാർ കത്തുകളും പ്രകാരം പൊതു നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിനു

തുടർച്ചയായി താഴെ പറയുന്ന പൊതു നിർദേശങ്ങളും പുറപ്പെടുവിക്കുന്നു;

i) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ സീനിയർ അധ്യാപക/അനധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാതെ തുടരുന്നു എന്ന കാരണത്താൽ അതേ സ്കൂളിൽ പിന്നീട് ഭിന്നശേഷി സംവരണ പ്രകാരം നിയമിച്ച ഉദ്യോഗാർഥികളുടെ നിയമനങ്ങളും അംഗീകരിക്കപ്പെടാത്ത സ്ഥിതിവിശേഷം നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരത്തിൽ സീനിയർ അധ്യാപക/അനധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ഭിന്നശേഷി സംവരണ മാർഗനിർദ്ദേശങ്ങൾ പ്രകാരം നിയമിച്ച ഉദ്യോഗാർഥികളുടെ നിയമന അംഗീകാരം തടഞ്ഞു വയ്ക്കേണ്ടതില്ല. ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുള്ളത് വ്യവസ്ഥാപിതമായ ഒഴിവിലാണെന്നും, അവർക്കു നിർദിഷ്ട യോഗ്യതയുണ്ടെന്നും, നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരവുമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത നിയമനങ്ങൾക്കു അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ അംഗീകാരം നൽകേണ്ടതാണ്.

2. കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത തസ്തികയിൽ തുടർന്ന് വന്നിരുന്ന അധ്യാപക/അനധ്യാപകർ പുറത്തു പോവുകയാണെങ്കിൽ, അവരെ അതെ മാനേജ്മെന്റിന് കീഴിലുള്ള മറ്റു സ്കൂളുകളിലെ ഒഴിവുകളിലേക്ക് മാറ്റി നിയമിച്ചുകൊണ്ട് ക്രമീകരണം നടത്തേണ്ടതാണ് .

3 . 08.11.2021 ന് മുമ്പുണ്ടായ ഒഴിവുകളിൽ 08.11.2021 ന് ശേഷം നടത്തിയ നിയമനങ്ങൾക്ക് പലയിടത്തും ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ഇപ്രകാരം ക്രമവിരുദ്ധമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകിയ കേസുകളിൽ, അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ
Signed by
N.k. Sheena
Date: 07-05-2024 11:25:23

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

നമ്പർ.ജെ.ആർ1/58/2024/GEDN 06-05-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം- എയ്ഡഡ് - ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിനവേതന അടിസ്ഥാനത്തിൽ നിയമനം നൽകുന്നവരുടെ ശമ്പള കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:-

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിനവേതന അടിസ്ഥാനത്തിൽ നിയമിച്ച് അംഗീകാരം നൽകിയ ജീവനക്കാർക്ക് പിഎഫ് അക്കൗണ്ട് തുടങ്ങാൻ സാഹചര്യമില്ലാത്തതിനാൽ അവരുടെ ദിവസവേതന ശമ്പള കുടിശ്ശിക ക്യാഷ് ആയി നൽകുന്നതിന് തടസ്സമില്ലെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,
PRIYADARSHINI MOHANDAS
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
N.k. Sheena
സെക്ഷൻ ഓഫീസർ
Date: 07-05-2024 11:27:09